നിരവധി മോഷണക്കേസിലെ പ്രതി പോലീസ് പിടിയിൽ . ട്രിച്ചി ലാൽഗുഡി മനയ്ക്കൽ അണ്ണാനഗർ കോളനിയിൽധർമ്മരാജ് (29) നെയാണ് പെരുമ്പാവൂർ എഎസ്പി യുടെ നേതൃത്വത്തിലുള്ള പ്രത്യേക അന്വേഷണസംഘം പിടികൂടിയത്. ഒന്നാം തീയതി പെരുമ്പാവൂർ മാവിൻചുവട് ഭാഗത്ത് നിന്ന് ബുള്ളറ്റ് മോട്ടോർസൈക്കിൾമോഷണം ചെയ്ത കേസിലാണ് പ്രതിയെ പിടികൂടിയത്..കഴിഞ്ഞ രാത്രി വട്ടയ്ക്കാട്ടുപടിയിൽ പുതിയ മോഷണത്തിന് തയ്യാറെടുക്കുന്നതിനിടയിലാണ് ഇയാളെ അറസ്റ്റ് ചെയ്തത്. പിടികൂടുന്നതിനിടയിൽ പോലീസിനെ ആക്രമിച്ച് രക്ഷപ്പെടാൻ ശ്രമിച്ച പ്രതിയെ വളരെ സാഹസികമായി കിലോമീറ്റർ ഓളം പിന്തുടർന്നാണ് കസ്റ്റഡിയിലെടുത്തത്.ധർമ്മരാജിനെ ചോദ്യം ചെയ്തതിൽ മൂവാറ്റുപുഴ ഭാഗത്തുനിന്നും, വെങ്ങോലയിൽ നിന്നും ഒരോ പൾസർ മോട്ടോർസൈക്കിളുകൾ മോഷ്ടിച്ചതായി പോലീസിനോട് സമ്മതിച്ചു. ഏപ്രിൽ രണ്ടാം തീയതിയാണ് ജയിലിൽ നിന്ന് പുറത്തിറങ്ങിയത്. ഗുരുവായൂർ പോലീസ് സ്റ്റേഷൻ പരിധിയിൽ നിന്നും 300 പവൻ മോഷ്ടിച്ച കേസിൽ രണ്ടുവർഷത്തോളം ജയിലിൽ കിടന്നാണ് പ്രതി പുറത്തിറങ്ങിയത്. കേരളത്തിലും തമിഴ്നാട്ടിലുമായി 40 ഓളം മോഷണക്കേസിലെ പ്രതിയാണ്. ഇയാളുടെ പക്കൽ നിന്നും വിദേശനിർമ്മിത മദ്യവും വാച്ചും പോലീസ് കണ്ടെടുത്തു. ഇത് എവിടെ നിന്ന് മോഷണം പോയതാണെന്ന് പോലീസ് അന്വേഷിച്ചു വരുന്നു. എ.എസ്.പി മോഹിത് രാവത്ത്, ഇൻസ്പെക്ടർ എം.കെ രാജേഷ്,സബ് ഇൻസ്പെക്ടർമാരായ ടോണി ജെ മറ്റം, എൻ.പി.ശശി, എ.എസ്.ഐ.പി.എ അബ്ദുൽ മനാഫ്, സീനിയർ സി.പി.ഒ മാരായ പി.എസ് സലിം, ടി.എൻ.മനോജ് കുമാർ ,ടി.എ.അഫ്സൽ, സി.പി.ഒ മാരായ കെ.എ.അഭിലാഷ്, ബെന്നി ഐസക് തുടങ്ങിയവരാണ് അന്വേഷണ സംഘത്തിലുണ്ടായിരുന്നത്.